# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4262 | 13/12/2018-ൽ മറുപടിക്ക്

## തകരാറിലായ 11 കെ വി ലൈനുകൾ

| | ചോദ്യം<br><br>**ശ്രീ.അനൂപ് ജേക്കബ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പിറവം നിയോജക മണ്ഡലത്തിൽ 11 കെ വി ലൈനുകളുടെ തകരാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിറവം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ, കഴിഞ്ഞ ആഗസ്റ്റ്മാസത്തെ പ്രളയവും അതിനുശേഷം വന്ന ഗജ ചുഴലിക്കാറ്റും മൂലം നിരവധി തവണ വൈദ്യുതി തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. ആയതു പരിഹരിക്കാനായി സബ് സ്റ്റേഷനുകളിൽ നിന്നും 11 കെ വി ഫീഡറുകൾ ഇന്റർലിങ്ക് ചെയ്ത് വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടു കൂടി ഈ പ്രദേശത്തെ വൈദ്യുതിവിതരണസംവിധാനം മെച്ചപ്പെടുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; ഊരമന 11 കെ വി ലൈൻ സംബന്ധിച്ച നിലവിലെ വിവരങ്ങൾ അറിയിക്കുമോ? | (ബി) | കഴിഞ്ഞ ആഗസ്റ്റ് മാസത്തെ പ്രളയത്തെ ത്തുടർന്നു തകരാറിലായ പിറവം സബ് സ്റ്റേഷനിൽ നിന്നുള്ള ഊരമന 11 കെ.വി ഫീഡറിനു പകരമായി 1.4 കി .മി 11 കെ വി ലൈൻ പുനർനിർമിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിച്ചാൽ ഉടൻ തന്നെ പ്രസ്തുത ലൈൻ ചാർജ് ചെയ്യുന്നതാണ് . |

സെക്ഷൻ ഓഫീസർ